ടൂറിസം മാസ്റ്റർപ്ലാൻ

162 (1097) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) ഈ മാസ്റ്റർ പ്ലാനിൽ ടൂറിസവുമായി ബന്ധപ്പെട്ട് ത്രിതല പഞ്ചായത്തുകൾക്കും നഗരപാലികാസ്ഥാപനങ്ങൾക്കും ഉള്ള ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് നിയന്ത്രണ ടൂറിസം വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുദ്ദേശമുണ്ട്. തുടക്കത്തിൽ കോവളം, മൂന്നാർ, കുമരകം, ഫോർട്ടുകൊച്ചി, തേക്കടി, മുഴുപ്പിലങ്ങാടും പയ്യാമ്പലവും (കണ്ണൂർ) എന്നീ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഭാവി ടൂറിസം വികസനമെങ്കിലും നിയന്ത്രിതമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനുദ്ദേശിച്ച് ഈ പ്രദേശങ്ങളുടെ ടൂറിസം വികസന പ്ലാൻ തയ്യാറാക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

ഡിപ്പാർട്ടുമെന്റൽ ഗസ്റ്റ്

163 (1098) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെയും കെ.ടി.ഡി.സി യുടെയും വക സ്ഥാപനങ്ങളിൽ ഡിപ്പാർട്ട്മെന്റൽ ഗസ്റ്റായി എത്രപേർക്ക് സൗജന്യങ്ങൾ നൽകിയിട്ടുണ്ടെന്നും ഡിപ്പാർട്ട്മെന്റൽ ഹോസ്പിറ്റാലിറ്റിക്കുവേണ്ടി എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഡിപ്പാർട്ടുമെന്റൽ ഗസ്റ്റിനുവേണ്ടി കേരളത്തിലെ സ്വകാര്യസ്റ്റാർ ഹോട്ടലുകളിൽ സൗകര്യം ചെയ്തുകൊടുത്ത വകയിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഡിപ്പാർട്ട്മെന്റ് ഗസ്റ്റായി പരിഗണിച്ചിട്ടുള്ളവർ എന്തിനു വേണ്ടിയാണ് ഇവിടെ വന്നിട്ടുള്ളതെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പ്രമുഖ ടൂർ ഓപ്പറേറ്റർമാർ, പത്രപ്രവർത്തകർ, മറ്റു ദൃശ്യ-ശ്രാവ്യ മാധ്യമ പ്രവർത്തകർ, കേരളത്തിലെ ടൂറിസം പ്രചാരണത്തിനും കെ.റ്റി.ഡി.സി ബിസിനസ് പുരോഗതിക്കും സഹായകരമാകുന്നവർ തുടങ്ങിയ വർക്ക് കെ.റ്റി.ഡി.സി.-യും ടൂറിസം വകുപ്പും സൗജന്യങ്ങൾ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

164 (1099) ആറാട്ടുപുഴ ഉത്സവം

ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടുന്ന പ്രശസ്തമായ "ആറാട്ടുപുഴ" ഉത്സവത്തിന് ആഗോളതലത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സംസ്ഥാന ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) വിദേശ ടൂറിസ്റ്റുകളും അഭ്യന്തര ടൂറിസ്റ്റുകളും ഇവിടെ ഉത്സവത്തിന് എത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രശസ്തമായ ഈ മേളയുടെ പ്രധാന്യം വിശദമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഒരു വീഡിയോ ഫിലിം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഉത്സവത്തിന് സംസ്ഥാന സർക്കാർ നൽകിവരുന്ന സാമ്പത്തികസഹായം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ്, ലഘുലേഖകൻ എന്നിവയിലൂടെ ആറാട്ടുപുഴ പൂരത്തിന് ആവശ്യമായ പ്രചരണം നൽകിവരുന്നു.

(ബി) കേരളത്തിലെ ഉത്സവങ്ങളുടേതു മാത്രമായ ഒരു ബ്രോഷർ/ കലണ്ടർ തയ്യാറാക്കി, ആയതിൽ ആറാട്ടുപുഴ പൂരം ഉൾപ്പെടുത്തി ആവശ്യമായ പ്രചരണം രാജ്യത്തിനകത്തും പുറത്തും നൽകുന്നുണ്ട്.

(സി) ഇപ്പോൾ ആലോചനയിലില്ല.

(ഡി) കഴിഞ്ഞവർഷം ആറാട്ടുപുഴ പൂരത്തിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി.

വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരുടെ വിദേശയാത്ര

165 (1100) ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാരവകുപ്പിലേയും കെ. ടി. ഡി. സി. യിലേയും ഏതെല്ലാം ഉദ്യോഗസ്ഥന്മാർ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly